**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5749** **13-08-2021 - ൽ മറുപടിയ്ക്ക്**

**തുളു അക്കാദമിയുടെ പ്രവര്‍ത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേരള തുളു അക്കാദമി നിലവില്‍ വന്നത് ഏത് വര്‍ഷമാണ്; ഇതിന്റെ പ്രവര്‍ത്തനങ്ങള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | തുളു ഭാഷ, ലിപി, സാഹിത്യം, കല, നാടന്‍കലകള്‍ എന്നിവയ്ക്ക് ഉത്തേജനം നല്‍കിക്കൊണ്ട് തുളു സംസ്കാരത്തിന്റെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായാണ് 2007 ല്‍ കേരള തുളു അക്കാദമി രൂപീകരിച്ചത്. വിവിധ തുളു സാംസ്കാരിക പരിപാടികളും അനുബന്ധ പ്രവര്‍ത്തനങ്ങളും സംഘടിപ്പിക്കുന്നതാണ് അക്കാദമിയുടെ പ്രധാന പ്രവര്‍ത്തനം. തുളു വികസന പ്രവര്‍ത്തകര്‍, കലാകാരന്‍മാര്‍, എഴുത്തുകാര്‍ എന്നിവരെ ആദരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക, തുളു പുസ്തകങ്ങള്‍, ആനുകാലികങ്ങള്‍, 'തെമ്പേരെ' എന്ന തുളു ത്രൈമാസിക പ്രസിദ്ധീകരിക്കുക, മാസംതോറും തുളു സംസ്കാരവുമായി ബന്ധപ്പെട്ട വിവിധ പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുക, തുളു ഭാഷ തല്പരര്‍ക്കായി തുളു ലിപി ക്ലാസ്സുകള്‍ നടത്തുക, യക്ഷഗാനം, തുളുനാടകം, തുളു ദൈവാരാധനയും, നാഗാരാധനയും എന്നിവ പ്രോത്സാഹിപ്പിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുക തുടങ്ങിയവ അക്കാദമിയുടെ പ്രവര്‍ത്തനങ്ങളുടെ ഭാഗമാണ്. |
| (ബി) | ഇതിന് 2011-2016 വര്‍ഷം ഗ്രാന്റായി എന്ത് തുക നല്‍കിയിട്ടുണ്ടെന്ന് അറിയിക്കുമോ; 2016-2021 വര്‍ഷം അക്കാദമിക്ക് എന്തൊക്കെ സാമ്പത്തിക ആനുകൂല്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | 2011-16 വര്‍ഷം തുളുഭവന നിര്‍മ്മാണത്തിന്റെ ഒന്നാംഘട്ടത്തിനായി 25 ലക്ഷം രൂപയും 2016-2021 വര്‍ഷം, ഫര്‍ണീച്ചര്‍, കമ്പ്യൂട്ടര്‍, മറ്റ് സ്റ്റേഷനറി സാമഗ്രികള്‍ എന്നിവ വാങ്ങുന്നതിനായി 12 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | 2021 - 22 വര്‍ഷം തുളു അക്കാദമിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഈ തുക ഏതെല്ലാം ആവശ്യങ്ങള്‍ക്കാണ് വിനിയോഗിക്കുന്നത് എന്ന് വിശദമാക്കുമോ; | (സി) | 2021-22 സാമ്പത്തിക വര്‍ഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തുളു ഭവന നിര്‍മ്മാണത്തിന്റെ 2-ാം ഘട്ട നിര്‍മ്മാണപ്രവര്‍ത്തനങ്ങള്‍ക്കായി മഞ്ചേശ്വരം എം.എല്‍.എ യുടെ ആസ്ഥി വികസന ഫണ്ടില്‍ നിന്നും 45 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നല്‍കിയിട്ടുണ്ട്. വിവിധ സാംസ്കാരിക പ്രവര്‍ത്തനങ്ങള്‍ നടത്തുന്നതിന് തുളു അക്കാദമി |

| | | | |
|---|---|---|---|
| | | | സമർപ്പിച്ച 25 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (ഡി) | തുളു അക്കാദമിയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | 2021-22 സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തുളു ഭവന നിർമ്മാണത്തിന്റെ 2-ാം ഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്കായി മഞ്ചേശ്വരം എം.എൽ.എ യുടെ ആസ്ഥി വികസന ഫണ്ടിൽ നിന്നും 45 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിവിധ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിന് തുളു അക്കാദമി സമർപ്പിച്ച 25 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ